# അദ്ധ്യാത്മ വിദ്യാലയം

നഗ്നപാദനായ് വന്നു
നില്പു ഞാനേകാന്തമീ
പ്പർണ്ണശാല തൻ മുന്നിൽ
നീയുറങ്ങുമീ മണ്ണിൽ.

ഓർമ്മകൾ തിരിനീട്ടി-
യെരിയും പുണ്യാശ്രമ
വാടമാണിവിടമെ-
ന്നദ്ധ്യാത്മ വിദ്യാലയം.

ഈ വിശുദ്ധി തൻ മുന്നിൽ
വീണ്ടുമീ നിശ്ശബ്ദമാം
രാത്രി ഞാനൊരുമാത്ര
കൂടി നിൽക്കട്ടെ, പിന്നെ



ദൂരചക്രവാളങ്ങൾ
തേടി, നിൻ കാല്പാടുകൾ
നോക്കിയീ മരുഭൂമി
താണ്ടുവാനിറങ്ങട്ടേ.

ഞാനറിയുന്നു മുന്നിൽ
ക്കാണുമീ നനവാർന്ന

പൂഴിമൺതരി തൻെറ
   യാത്മദാഹവും, വീണ–

പൂവുതന്നിതൾത്തുമ്പിൽ
   കണ്ണുനീർമുത്തായ്ത്തീർന്ന
കാവ്യഭാവന തൻെറ
   തീവ്രദുഃഖത്തിൻ ചൂടും.

വജ്രകുണ്ഡലം മണി–
   ക്കാതിലും, വൈഡൂര്യത്തിൻ
മുദ്രമോതിരം നീണ്ട
   വിരലാകെയും ചാർത്തി

പട്ടുടുത്തൊരു ജടാ–
   ധാരികൾ ദൈവങ്ങളെ
വിറ്റുതിന്നുവാനിന്നു–
   മീവഴി നടക്കുന്നു.

ഭഗവാൻമാരിപ്പൊഴും
   വേണുവൂതുന്നു, രാസ–
ലയലീനരായ് നീല
   യമുനാ തടങ്ങളിൽ.

യാദവ വിഹാരങ്ങൾ
   വിട്ടിറങ്ങുന്നു നിങ്ങൾ
രാധികമാരിപ്പൊഴു–
   മിവിടെജ്ജീവിക്കുന്നു.

ഈ വഴി പരക്കുമീ
   യന്ധകാരത്തിൽ, ജ്വാല–
യായി നീയെരിഞ്ഞെങ്കിൽ!
   വെളിച്ചം പകർന്നെങ്കിൽ!

ഞാനൊരു മിന്നാമിനു–
   ങ്ങായിരുന്നെങ്കിൽ! വജ്ര
സൂചിപോലിരുട്ടിതു
   കീറുവാൻ കഴിഞ്ഞെങ്കിൽ!

അഗ്നിപർവതങ്ങൾ തൻ
മുഖവും നോക്കിക്കൊണ്ടു
സന്ധ്യകളിന്നും നില്പു
രക്തസിന്ദൂരം ചാർത്തി. ■